"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡി എ1/113/2020/തസ്വഭവ
തദ്ദേശസ്വയംഭരണ വകുപ്പ്
തിരുവനന്തപുരം,
തീയതി: 15/06/2020

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- ആർ. ആർ. ടി, വാർഡ് സമിതികൾ-റൊട്ടേഷനും തുടർ പരിശീലനവും സംബന്ധിച്ച്.

സൂചന:- 20.3.2020-ലെ സ ഉ (കൈ) നം. 55/2020/തസ്വഭവ.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ച സൂചനയിലേക്കും തുടർ ഉത്തരവുകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.

കോവിഡ് പ്രതിരോധ മേഖലകളിൽ ദീർഘനാളായി സേവനം ചെയ്തു വരുന്ന RRT, വാർഡ് സമിതി അംഗങ്ങൾക്ക് വിശ്രമം നൽകേണ്ടതും അവർക്ക് ഉണർവും പ്രോത്സാഹനവും പ്രദാനം ചെയ്യുന്നതിനുമായി പുതിയ അംഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതും പരിശീലനവും നൽകുന്നതും ഉചിതമായിരിക്കും. അവയെ സഹായിക്കുന്നതിനായി യൂത്ത് ക്ലബ് ഭാരവാഹികൾ ,വായനശാല / ഗ്രന്ഥ ശാല ഭാരവാഹികൾ ,ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് ഭാരവാഹികൾ , NSS വോളന്റിയേഴ്സ് ,റസിഡൻസ് അസ്സോസിയേഷനുകൾ, ഫ്ലാറ്റ് പ്രതിനിധികൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സന്നദ്ധസേന പ്രവർത്തകർ എന്നിവരുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. ഇവർ സദാസമയവും ജാഗരൂകരായി കോവിഡ് പ്രതിരോധത്തിന് ഉതകുന്ന പ്രാദേശികമായ വിവരങ്ങൾ സമയക്രമമനുസരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇതിൽ അന്യസ്ഥലത്തുനിന്ന് വന്നവർ, സന്ദർശനം നടത്തിയവർ, ക്വാറന്റൈനിൽ താമസിക്കുന്നവരുടെ വിവരങ്ങൾ, ക്വാറന്റൈൻ ലംഘനങ്ങൾ മുതലായ പ്രസക്തമായ എല്ലാ വിവരങ്ങളും ഉൾപ്പെടുന്നതാണ്. മഴക്കാല രോഗങ്ങളുടെ പശ്ചാത്തലത്തിൽ അതിനു ആവശ്യമായ പ്രവർത്തനങ്ങളും RRT കൾ നടത്തേണ്ടതാണ്. പ്രസ്തുത സംഘങ്ങൾക്കു ആവശ്യമായ പരിശീലനം ആരോഗ്യ വകുപ്പുമായി സഹകരിച്ചു കില ലഭ്യമാക്കേണ്ടതാണ്. ഇത് പഞ്ചായത്തു തലത്തിൽ നിലവിലുള്ള സമിതികൾ ഏകോപിപ്പിക്കേണ്ടതാണ്.

SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
ആരോഗ്യ വകുപ്പ് ഡയറക്ടർ.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് .
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.06.15 15:37:56 IST
Reason: Approved
സെക്ഷൻ ഓഫീസർ.

പകർപ്പ്- ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്.